പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2876 20.06.2013 -ൽ മറുപടിക്ക്

## റോഡ് ടാറിംഗിന് മണ്ണെണ്ണ ലഭ്യമാക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) റോഡ് ടാറിംഗിന് ആവശ്യമായ മണ്ണെണ്ണ എവിടെനിന്നാണ് ലഭിക്കുന്നത് ; മണ്ണെണ്ണയ്ക്ക് ക്ഷാമം നേരിടുന്ന ഈ ഘട്ടത്തിൽ റോഡ് ടാറിംഗിനായി വ്യാജ മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ടോ എന്ന് പരി ശോധിക്കാറുണ്ടോ ;<br><br>(ബി) ഇത്തരത്തിലുള്ള കേസുകൾ കണ്ടു പിടിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;<br><br>(സി) റോഡ് ടാറിംഗിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;<br><br>(ഡി) മണ്ണെണ്ണ ക്ഷാമം നേരിടുന്ന സാഹചര്യത്തിൽ റോഡ് ടാറിംഗിന് മണ്ണെണ്ണയ്ക്ക് പകരമായി ഗുണനിലവാരമുള്ള മറ്റ് വസ്തുക്കൾ ഉപയോഗിക്കാറുണ്ടോ എന്ന് അറിയിക്കുമോ ;<br><br>(ഇ) എങ്കിൽ എന്തെല്ലാമാണ് മണ്ണെണ്ണയ്ക്കു പകരമായി ഉപയോഗിക്കുന്നത് എന്ന് വിശദമാക്കുമോ ? | (എ), (ബി), (സി), (ഡി) & (ഇ)<br><br>ടാറിംഗ് പണികളിൽ മണ്ണെണ്ണ ഒരു ഘടകമേ അല്ല. ഡീസൽ, ബിറ്റുമിൻ, എമൽഷൻ എന്നീ പെട്രോളിയം ഉൽപന്നങ്ങളാണ് ടാറിംഗ് പണികളിൽ പ്രധാനമായും ഉപയോഗിക്കുന്നത്.<br>റോഡ് ടാർ ചെയ്യുന്നതിനുവേണ്ടി ഹോട്ട് മിക്സ് പ്ലാന്റുകൾ പ്രവർത്തിപ്പിക്കുവാൻ വേണ്ടിയാണ് മണ്ണെണ്ണ അല്ലെങ്കിൽ ഡീസൽ ഉപയോഗിക്കുന്നത്. ഇത് ഡിപ്പാർട്ട്മെന്റൽ സപ്ലൈ അല്ല. കരാറുകാരൻ തന്നെയാണ് മണ്ണെണ്ണ അല്ലെങ്കിൽ ഡീസൽ വാങ്ങി പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നത്. ഇത് റോഡ് ടാറിംഗിന്റെ ഗുണനിലവാരത്തെ ഒരു വിധത്തിലും ബാധിക്കുന്നില്ല. വ്യാജ മണ്ണെണ്ണ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ